ഉത്തരം

(എ) അതാത് പഞ്ചായത്ത് ഫണ്ടിൽ നിന്ന്.

(ബി) 55

(സി) പെരുംപളം, മുടാർ, കുഴിപ്പിള്ളി, വേങ്ങൂർ, കടമക്കുടി, ചിറ്റാറ്റുകര, ഏഴിക്കര, കൊടുവള്ളി, തുറവൂർ, കീരംപാറ, പോത്താനിക്കാട്, ആലക്കോട്, പാറക്കടവ്, ചക്കുപ്പള്ളം, ഏലപ്പാറ, കാന്തള്ളൂർ, കരിങ്കുന്നം, മണക്കാട്, പുറപ്പുഴ, സേനാപതി, വണ്ടിപ്പെരിയാർ, വെള്ളിയാമറ്റം, കൊക്കയാർ, മരിയാപുരം, കാട്ടകാംപാൽ, ഒരുമനയൂർ, വല്ലച്ചിറ, പുത്തൻചിറ, വരവൂർ, പൊയ്യ, വേലൂക്കര, ചുണ്ടൻ, വടവന്നൂർ, വണ്ടാഴി, അയിലൂർ, തച്ചൻപാറ, പടഞ്ഞേരി, തൃക്കടീരി, വടകരപ്പതി, കാവശ്ശേരി, കോട്ടായി, പുതുക്കോട്, എരുത്തോംപതി, എരിമയൂർ, നല്ലേപ്പിള്ളി, പെരുറവമ്പ്, കണ്ണംപ്ര, പുതുനഗരം, പൊൽപ്പുള്ളി, കുത്തനൂർ, പൂക്കോട്ടുകാവ്, വടക്കഞ്ചേരി, അച്ചനാട്ടുകര, ചളവറ, ഷോളയൂർ.

(ഡി) ഉണ്ട്.

(ഇ) സാമ്പത്തിക സ്ഥിതി മോശമായ ഗ്രാമപഞ്ചായത്തുകൾക്ക് റൂറൽ പൂളിൽ നിന്നുള്ള തുക മുൻഗണന നൽകി റിലീസ് ചെയ്യാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സാമ്പത്തിക സ്ഥിതി മോശമായ പഞ്ചായത്തുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പ്ലാനിംഗ് ബോർഡുമായും വിവിധ വകുപ്പുകളുമായും ചർച്ച ചെയ്തു പരിഹാരം കാണാൻ ശ്രമിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർവിന്യസിച്ച അസിസ്റ്റന്റ് എൻജിനീയർമാരുടെ ശമ്പള ബിൽ അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥ

113 (3067) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ വിട്ടു കൊടുത്തതും ഗ്രാമപഞ്ചായത്തിലേക്ക് പുനർവിന്യസിച്ചതുമായ അസിസ്റ്റന്റ് എൻജിനീയർമാരുടെ ശമ്പള ബിൽ ജലവകുപ്പിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ അംഗീകരിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഇവരെ പുനർവിന്യസിച്ച് ഇറക്കിയ ഉത്തരവിലെ വ്യവസ്ഥകൾ ശമ്പളബിൽ അംഗീകരിക്കുന്നതിന് കണക്കിൽ എടുക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബന്ധപ്പെട്ട പ്രസിഡന്റുമാർ നൽകുന്ന ഹാജർ സർട്ടിഫിക്കറ്റും അംഗീകരിച്ച് മുൻകൂർ യാത്രാ പരിപാടികളും ലഭിച്ചതിന് ശേഷമാണോ ശമ്പള ബിൽ അംഗീകരിക്കുന്നത് ;

(ഡി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രസിഡന്റ് അംഗീകരിച്ച മുൻകൂർ യാത്രാ പരിപാടികളോ ഹാജർ സർട്ടിഫിക്കറ്റോ ഇല്ലാതെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ ശമ്പളബിൽ അംഗീകരിച്ചെന്ന് പഞ്ചായത്തിന്റെ പേര് സഹിതം വിശദമാക്കുമോ ;

(ഇ) ഇങ്ങനെ നിർദ്ദേശങ്ങൾ തെറ്റിച്ച് ബിൽ അംഗീകരിച്ചവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാതൃവകുപ്പിൽ നിന്നും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമാണ് നൽകുന്നത്.

(ബി) പുനർവിന്യാസ ഉത്തരവുകളിൽ ശമ്പള ബിൽ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അടങ്ങിയ 25-4-2003-ലെ 17378/പി3/2003/തസ്വഭവ ഉത്തരവ് അനുബന്ധമായി വച്ചിരിക്കുന്നു*.

(ഡി) വിവരം ലഭ്യമല്ല.

(ഇ) പരിശോധിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കുവാൻ നടപടി

114 (3068) ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ് ;

(ബി) വിവിധ തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ജോലിഭാരം കൂടിയ സ്ഥിതിക്ക് അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പുതുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly